പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2359 **27-10-2026-ൽ മറുപടിയ്ക്ക്**

വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായി ചേർന്ന് കേരളത്തിന്റെ ഭാവി ഊർജ്ജ ആവശ്യം നിറവേറ്റാൻ പദ്ധതികൾക്ക് ധാരണയായോ; വിശദമാക്കുമോ;

മറുപടി: NTPC യുമായി ചേർന്ന് കേരളത്തിന്റെ ഭാവിയിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും സംസ്ഥാനത്തിന്റെ ഊർജസുരക്ഷ ഉറപ്പാക്കുന്നതിനുമായി വിവിധ പദ്ധതികൾ സംബന്ധിച്ച് ധാരണയിലെത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS), വൈദ്യുതി വാങ്ങൽ കരാറുകൾ,ദീർഘകാല അടിസ്ഥാനത്തിൽ കേരളത്തിന് വൈദ്യുതി ലഭ്യമാക്കുന്ന തിനുള്ള സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് NTPC യുമായി ഉന്നതതല ചർച്ചകൾ നടത്തുകയുണ്ടായി. തുടർനടപടികൾ സ്വീകരിച്ച് വരുന്നു. എൻ.ടി.പി.സി. (NTPC), എൻ.ടി.പി.സി. ഗ്രീൻ എനർജി ലിമിറ്റഡ് (NGEL) എന്നിവരുമായി പുനരുപയോഗ ഊർജ-ഊർജസംഭരണ പദ്ധതികൾ സഹകരിച്ച് വികസിപ്പിക്കുന്നതിനായുള്ള ചർച്ചകൾ കെ.എസ്.ഇ.ബി.എൽ നടത്തുകയുണ്ടായി.

ഇത് പ്രകാരം കായംകുളത്തെ രാജീവ് ഗാന്ധി സംയുക്ത ചക്ര വൈദ്യുത നിലയത്തിൽ 500 MW / 2000 MWh ഫ്ലോട്ടിംഗ് സോളാർ ബി.ഇ.എസ്.എസ്. സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും ഏകദേശ ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. എൻ.ടി.പി.സി. നേരിട്ടോ സംയുക്ത സംരംഭമായോ നടപ്പിലാക്കുന്നതിനുള്ള സാധ്യതയാണ് പരിഗണിക്കുന്നത്.

(ബി) കായംകുളത്ത് 2000 മെഗാവാട്ട് അവർ ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം, 27 മെഗാവാട്ട് ശേഷിയുള്ള സൗരോർജ പദ്ധതി എന്നിവ സ്ഥാപിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ വേഗത്തിലാക്കുന്നതിനും ധാരണയായോ; വ്യക്തമാക്കുമോ;

മറുപടി: കെ.എസ്.ഇ.ബി.എൽ, എൻ.ടി.പി.സി., എൻ.ടി.പി.സി. ഗ്രീൻ എനർജി ലിമിറ്റഡ് എന്നിവരുമായി കായംകുളത്ത് 2000 മെഗാവാട്ട് മണിക്കൂർ (MWh) ശേഷിയുള്ള ബാറ്ററി ഊർജസംഭരണ സംവിധാനം (BESS) സ്ഥാപിക്കുന്നതിന് ചർച്ചകൾ നടന്നിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 250/1000MWh BESS പദ്ധതി നടപ്പാക്കുന്നതിനുള്ള ടെൻഡർ നടപടികൾ ഒക്ടോബറിൽ പൂർത്തീകരിക്കണമെന്ന് കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി

എൻ.ടി.പി.സി. നേരിട്ടോ സംയുക്ത സംരംഭമായോ നടപ്പിലാക്കുന്നതിനുള്ള സാധ്യതയാണ് പരിഗണിക്കുന്നത്.

(സി) എൻ.ടി.പി.സി.-യുടെ വിവിധ വൈദ്യുത നിലയങ്ങളിൽനിന്ന് കുറഞ്ഞ നിരക്കിൽ ദീർഘകാലത്തേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനും സംസ്ഥാനത്തിനായി പ്രത്യേക താപ വൈദ്യുത നിലയം സ്ഥാപിക്കുന്നതിനും എൻ.ടി.പി.സി.-യോട് ആവശ്യപ്പെടുമോ; വിശദമാക്കുമോ?

<u>മറുപടി:</u> സംസ്ഥാനത്തിന്റെ വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് NTPC-യുടെ വിവിധ വൈദ്യുത നിലയങ്ങളിൽനിന്ന് താരതമ്യേന കുറഞ്ഞ നിരക്കിൽ ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി മഹാരാഷ്ട്രയിലെ NTPC സിന്നർ നിലയത്തിൽ നിന്നും 540 MW വരെ വൈദ്യുതി യൂണിറ്റിന് ഏകദേശം 5.18 രൂപ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കുറഞ്ഞ വിലയിലുള്ള ഇന്ധന ലഭ്യത ഇല്ലാത്തതിനാൽ സംസ്ഥാനത്തു പ്രത്യേക താപ വൈദ്യുതി നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് NTPC-യോട് ആവശ്യപ്പെടുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ